LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിൽ പി. എസ്. സി. തയ്യാറാക്കിയ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റ്

94 [5349] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പി. എസ്. സി. തയ്യാറാക്കിയ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികയിൽ എത്രപേർ താൽക്കാലികമായി കെ. എസ്. ഇ. ബി.-യിൽ ജോലി ചെയ്യുന്നു;

(സി) ഇവരെ പിരിച്ചുവിട്ട് പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 53 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 106 പേർക്ക് കൂടി നിയമനം നൽകുവാനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 90 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആരും ഇല്ല.

(സി) പ്രസക്തമല്ല.

വൈദ്യുതി ബോർഡിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വന്ന അധികച്ചെലവ്

95 [5351] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
„ ഇ. എം. അഗസ്തി:
„ എൻ. ശക്തൻ:
„ എ. സുജനപാൽ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവിന് ആനുപാതികമായി വരവു ലഭിക്കാത്ത വിധത്തിലുള്ള ചെലവോ, പാഴ് ചെലവോ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ബോർഡിന് നഷ്ടമുണ്ടാകാനിടയായിട്ടുണ്ടോ;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം ചെലവുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലയളവിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ചെലവിന് ആനുപാതികമായ വരവു ലഭിക്കാത്ത ചെലവുകളോ പാഴ്ചെലവുകളോ ഉണ്ടായിട്ടുള്ളത്;

(ഡി) ഈ പാഴ്ച്ചെലവുമൂലമുള്ള നഷ്ടം സഹിക്കേണ്ടതാരാണ്;

(ഇ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ റിനോവേഷൻ വർക്കിനുണ്ടാക്കിയ കരാറനുസരിച്ച് പാഴ്ച്ചെലവ് ഉണ്ടായിട്ടുണ്ടോ;

(എഫ്) പാഴ്ചെച്ചലവുമൂലം ഉണ്ടായിട്ടുള്ള നഷ്ടം നികത്താനും കൂടിയാണോ വൈദ്യുതി ചാർജ്ജിൽ വർദ്ധന വരുത്തിയത്;

(ജി) മുൻഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി ബോർഡിൽ പാഴ്ച്ചെലവ് വരുത്തിയവരുടെമേൽ നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില പാഴ്ച്ചെലവുകൾ ഉണ്ടായതായി അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(ബി—ഡി) മേൽസൂചിപ്പിച്ച കേസുകളിൽ വിശദമായി പഠിച്ചുവരുന്നു. തീരുമാനമായതിനുശേഷമേ അന്തിമാഭിപ്രായം പറയാൻ കഴിയൂ.

(ഇ) തത്സംബന്ധമായി ഒരന്വേഷണം നടന്നുവരുന്നു.

(എഫ്) വൈദ്യുതിയുടെ ഉൽപ്പാദനം/വിതരണ/ചെലവുകളും വൈദ്യുതിയുടെ വിൽപന വിലയും തമ്മിലുള്ള അന്തരം കുറയ്ക്കാനാണ് നിരക്ക് വർദ്ധനവ് വരുത്തിയത്.

(ജി) അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ തീരുമാനിക്കാൻ കഴിയൂ.

നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ

96 [5352] ശ്രീ. ജോർജ്ജ് ജെ. മാത്യു:
„ ഡൊമിനിക് പ്രസന്റേഷൻ:
„ കെ. അച്ചുതൻ:
„ ഇ. എം. അഗസ്തി:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വൈദ്യുതി പദ്ധതികളുടെ പണികളാണ് ഇപ്പോൾ നടന്നുവരുന്നത്;

(ബി) ഇവ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(സി) ഇവയുടെ പണി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടിയെടുത്തുവരുന്നു എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly